കാർക്കെതിരെ കേസെടുക്കും. മാത്രമല്ല, മർദ്ദനം നടത്തിയതിനുത്തരവാദികളായ പോലീസുകാരെ സർവീസിൽനിന്നും മാറ്റി നിറുത്തി കേസെടുക്കും. പിന്നെ സി.ഐ.ടി.യു ആണോ കമ്മ്യൂണിസ്റ്റാണോയെന്നുള്ളത് ഇവിടെ നോട്ടമില്ല. നിയമത്തിന്റെ മുമ്പിൽ ആരായാലും ശരി, ലോറി ഡ്രൈവറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ പ്രാഥമികമായ മൊഴി വിശ്വസിച്ചു കൊണ്ട് അതിന് ആധാരമാക്കി കേസെടുത്ത് നിയമനടപടികളെടുക്കും. അതിനു മുമ്പ് അന്വേഷണം തകരാറിലാക്കാതിരിക്കാൻ പോലീസുകാരെ സർവീസിൽനിന്നും മാറ്റി നിറുത്തി നടപടിയെടുക്കും. അതുകൊണ്ട് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവുമില്ല.

മി.സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അവതരണാനുമതി ചെയർ നിഷേധിക്കുന്നു. (അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

III. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ പ്രൈമറി സ്കൂളുകളോടനുബന്ധിച്ച് അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾ നടത്തിവരുന്ന പ്രീ-പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപികമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീമതി റോസമ്മ ചാക്കോ : സർ, ഈ ഗവൺമെന്റിന്റെ സവിശേഷ ശ്രദ്ധ ആകർഷിക്കുന്ന ഒരു രംഗമാണ് പ്രീപ്രൈമറി വിദ്യാഭ്യാസം. അതിന് പ്രത്യേക ബില്ലൊക്കെ കൊണ്ടുവരുന്നുണ്ട്. പ്രീപ്രൈമറി എഡ്യൂക്കേഷനെന്ന് പറയുമ്പോൾ നമ്മുടെ വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ ഭാഷയിൽ പറഞ്ഞാൽ കണ്ഠകൗപീനം ധരിച്ച സായിപ്പന്മാരെപ്പോലെ വേഷമിടുന്ന, ഇംഗ്ലീഷ് ഭാഷ മാത്രം സംസാരിക്കുന്ന സമൂഹത്തിൽ മേൽത്തരം പൗരന്മാരെ സൃഷ്ടിപ്പിക്കുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായത്തെപ്പറ്റിയോ ഈ രാജ്യത്ത് തുരുതുരാ പൊന്തി വരുന്ന ഇംഗ്ലീഷ് മീഡിയം പ്രീപ്രൈമറി സ്കൂളിനെപ്പറ്റിയോ അല്ല ഞാൻ പറയുന്നത്. മറിച്ച് നമ്മുടെ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് സർക്കാരിന്റെ നിർദ്ദേശവും അനുമതിയും സ്വീകരിച്ചുകൊണ്ട് ഏതാണ്ട് 500-ൽപ്പരം ഗവൺമെന്റ് പ്രൈമറി സ്കൂളുകളോടനുബന്ധിച്ച് ഇതുപോലുള്ള പ്രീപ്രൈമറി ക്ലാസുകൾ നടത്തുന്നുണ്ട്. അതിനുള്ള കെട്ടിടങ്ങൾ പി.ടി.എ. നിർമ്മിച്ചുകൊടുക്കണമെന്നാണ് നിയമമെങ്കിലും പ്രീപ്രൈമറി ട്രെയിനിംഗ് പാസ്സായ ജോലിയില്ലാതെ വിഷമിക്കുന്ന കുറെ പെൺകുട്ടികൾ മുന്നോട്ടു വന്നു സാമ്പത്തികശേഷിയുള്ള വീടുകളിലെ പെൺകുട്ടികളൊന്നും നഴ്സറി സ്കൂളുകളിൽ പഠിപ്പിക്കാൻ പോകാറില്ല. അപ്പോൾ ഈ സ്കൂളുകളിൽ ഇതുപോലുള്ള പ്രീപ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുന്നുവെന്ന് കേട്ടപ്പോൾ നാട്ടിൻപുറങ്ങളിൽ വിദ്യാഭ്യാസമുള്ളവരും, അതേസമയം ജോലിയില്ലാത്തവരുമായ പ്രത്യേക പരിശീലനം ലഭിച്ച കുറെ പെൺകുട്ടികൾ മുന്നോട്ടുവന്നു. താലിമാലപണയം വച്ചും രണ്ടും മൂന്നും സെന്റ് ഭൂമിയുള്ളത് പണയാധാരം വച്ചും കിട്ടിയ തുക കൊണ്ടാണ് പല ഗവൺമെന്റ് സ്കൂളിനോടനുബന്ധിച്ച് അവർ പ്രീപ്രൈമറി ക്ലാസ്സ് നടത്താനുള്ള സൗകര്യമുണ്ടാക്കിയത്. ഏതാണ്ട് 12 വർഷത്തോളമായി ഈ രീതിയിൽ ക്ലാസ്സുകൾ നടത്തിക്കൊണ്ടുപോകുന്നു. അവരുടെ ഇന്നത്തെ സ്ഥിതിയെന്താണെന്നറിയാമോ? കുട്ടികളിൽനിന്ന് 15 രൂപ വീതം ഫീസ് വാങ്ങി അദ്ധ്യാപികമാർ വേതനം പറ്റിക്കൊള്ളണമെന്നാണ് ഗവൺമെന്റ് അന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത്. ഉള്ള കാലം മുഴുവൻ 15 രൂപ വീതം കുട്ടികളിൽ നിന്നും വാങ്ങി ജീവിതം കഴിക്കാമെന്നുള്ള പ്രതീക്ഷയോടുകൂടിയല്ല അവർ ജോലിയിൽ പ്രവേശിച്ചത്. കുറച്ചുകാലം കഴിയുമ്പോൾ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് ഉള്ളത് ആയതുകൊണ്ടും ഗവൺമെന്റിന്റെ അംഗീകാരാനുമതിയോടുകൂടി തുടങ്ങിയിട്ടുള്ളതുകൊണ്ടും എന്തെങ്കിലും പ്രയോജനം ഉണ്ടാകുമെന്നുള്ള പ്രതീക്ഷയോടുകൂടിയാണ് വേഴാമ്പൽ മഴയെ കാത്ത് നിൽക്കുന്നതുപോലെ ഈ അദ്ധ്യാപികമാർ ജോലി ചെയ്യുന്നത്. ഇപ്പോൾ സ്ഥിതി എന്താണ്? പല കുട്ടികളും ഫീസ് നൽകുന്നില്ല. നമ്മുടെ ഗവൺമെന്റ് ഇന്ന് പ്ലസ് ടു വരെയുള്ള മുഴുവൻ കുട്ടികൾക്കും സാമ്പത്തിക ശേഷി നോക്കാതെ സൗജന്യ വിദ്യാഭ്യാസം നൽകുന്ന ഈ കാലത്ത് സർക്കാർ സ്കൂളുകളോടനുബന്ധിച്ച് നടത്തുന്ന പ്രീ-പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളിൽനിന്നും 15 രൂപ ചോദിക്കുമ്പോൾ ആരും കൊടുക്കാറില്ലെന്നുള്ളതാണ് വസ്തുത. ഇത്തരം പ്രീ-പ്രൈമറി സ്കൂളുകളിൽ പഠിക്കുവാൻ ചെല്ലുന്നത് ആരാണ്? തൊഴിലാളി പോലും അവന്റെ കുഞ്ഞുങ്ങളെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർത്ത് നന്നായി പഠിപ്പിക്കണമെന്ന് ആഗ്രഹിക്കുന്ന ഈ കാലത്ത് തൊഴിൽ ഇല്ലാത്ത സാമ്പത്തിക ശേഷി ഇല്ലാത്ത വീടുകളിലെ കുഞ്ഞുങ്ങളെയാണ് ഈ സർക്കാർ സ്കൂളിനോടനുബന്ധിച്ചുള്ള പ്രീ-പ്രൈമറി ക്ലാസ്സുകളിൽ വിടുന്നത്. അവർ 15 രൂപ ഫീസ് കൊടുക്കണമെന്നാണ് പറയുന്നത്. ഇതിൽ രണ്ട് അസാംഗത്യം ആണുള്ളത്. കുട്ടികളിൽനിന്നും ഫീസ് പിരിക്കുന്ന നയം. പാവപ്പെട്ടവരിൽനിന്നും ഫീസ് പിരിച്ച് നടത്തുന്നുവെന്നുള്ളത് ഒന്ന്, മറ്റൊന്ന് പ്ലസ് ടു വരെയുള്ള ക്ലാസ്സുകളിൽ സൗജന്യ വിദ്യാഭ്യാസം ഏർപ്പെടുത്തിയിരിക്കുന്ന സർക്കാർ സ്കൂളുകളോടനുബന്ധിച്ചുള്ള ഇത്തരം ക്ലാസ്സുകളിലെ കുട്ടികളിൽനിന്നും ഫീസ് പിരിക്കുന്നത് തികച്ചും ഹൃദയമില്ലാത്ത ഒരു പ്രവൃത്തിയാണ് എന്ന് ഈ ഗവൺമെന്റിനെ അറിയിക്കുകയാണ്. അതുപോലെതന്നെ പ്രൈമറി സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർ രാവിലെ 10 മണിക്ക് വന്ന് നാല് മണിക്ക് പോകും. ഇടയ്ക്ക് ഒരു മണിക്കൂർ ഇന്റർവെൽ ഉണ്ട്. പ്രീ-പ്രൈമറി സ്കൂളിൽ ശമ്പളമില്ലാതെ പഠിപ്പിക്കുന്ന അദ്ധ്യാപികമാർ ഒൻപതരമണിക്ക് വരണം. കുട്ടികളുടെ മല-മൂത്ര വിസർജ്ജനം വരെ അവർ എടുക്കണം. ഉച്ചയ്ക്കു ഇന്റർവെൽ ഇല്ല. പേരിന് ഇന്റർവെൽ ഉണ്ടെങ്കിൽപ്പോലും ഈ കുഞ്ഞുങ്ങളെ ശുശ്രൂഷിക്കാനേ അവർക്ക് സമയമുള്ളൂ. അങ്ങനെ ഒൻപതരമുതൽ നാലരവരെയും പണിയെടുക്കുന്ന ഈ പ്രൈമറി സ്കൂളിനോടനുബന്ധിച്ചുള്ള പ്രീ-പ്രൈമറി അദ്ധ്യാപികമാർക്ക് എന്താണ് നമ്മൾ കൊടുക്കുന്നത്. വല്ലതും കൊടുക്കുന്നുണ്ടോ? മറ്റൊരു ദാരുണമായ ഒരു കാര്യം കൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ പറഞ്ഞുവല്ലോ, ഈ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് സർക്കാർ സ്കൂളുകളോടനുബന്ധിച്ചുള്ള സ്കൂളുകളിൽ പഠിക്കാൻ വരുന്നത് പാവപ്പെട്ട കുഞ്ഞുങ്ങളാണെന്ന്, ഗവൺമെന്റ് സ്കൂളുകളിൽ മാനേജ്മെന്റ് സ്കൂളുകൾ ഉൾപ്പെടെ കുഞ്ഞുങ്ങൾക്ക് ഉച്ചഭക്ഷണം നൽകുന്നുണ്ട്. പ്രൈമറി സ്കൂളിലെ, ഗവൺമെന്റ് സ്കൂളിലെ കുട്ടികൾ സുഭിക്ഷമായി ഭക്ഷണം കഴിച്ച് പോകുമ്പോൾ പ്രീ-പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ രക്ഷകർത്താക്കളുടെ കുഞ്ഞുങ്ങൾ ഇതുനോക്കി വെള്ളമിറക്കി ഇവിടെ ഇരിക്കേണ്ട സ്ഥിതിവിശേഷമുണ്ട്. എത്ര നിവേദനങ്ങൾ നടത്തി. അവർക്ക് കൂടി ഉച്ചഭക്ഷണത്തിന്റെ ഒരു വിഹിതം കൊടുക്കാൻ പറഞ്ഞാൽ എന്തേ വിസമ്മതിക്കുന്നു. ഇങ്ങനെയുള്ള ചില ദുരവസ്ഥകൾ ഇവരെ സംബന്ധിച്ചുണ്ട്. സ്വന്തം കെട്ടുതാലി പണയംവച്ചും കടം വാങ്ങിയുമൊക്കെ കെട്ടിടം നിർമ്മിച്ച്

LIBRARY ARCHIVES Kerala Legislative Assembly

വലിയ പ്രതീക്ഷയോടുകൂടി ഈ രംഗത്ത് പ്രവർത്തിക്കുന്ന അദ്ധ്യാപകരോട് അവരുടെ കീഴിൽ അദ്ധ്യയനം നടത്തുന്ന ഈ കുഞ്ഞുങ്ങളോട് ഗവൺമെന്റ് ഒരു മര്യാദപോലുമില്ലാതെ പ്രവർത്തിക്കുന്നത് വളരെ കഷ്ടമാണ്. അനേകം തവണ ഈ 500-ൽപ്പരം അദ്ധ്യാപികമാർ സെക്രട്ടേറിയറ്റ് പടിക്കൽ ധർണയും സമരവും നടത്തിയിട്ടുണ്ട്. പക്ഷേ അതെല്ലാം വെറും വനരോദനങ്ങളായി കലാശിച്ചു. ഒരു സിനിമ പാട്ടുണ്ട് "കണ്ണുതുറക്കാത്ത ദൈവങ്ങളെ" എന്ന പാട്ട് ഞാൻ ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്. ഇങ്ങനെ ഒരു നിസ്സഹായാവസ്ഥയിൽ കഴിയുന്ന ഈ പ്രീ-പ്രൈമറി അദ്ധ്യാപികമാർക്ക് അംഗൻവാടിയിലെ അദ്ധ്യാപികമാർക്ക് കൊടുക്കുന്ന ഓണറേറിയമെങ്കിലും കൊടുക്കാൻ ഈ ഗവൺമെന്റ് സന്നദ്ധമാകണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. അഴിമതിയും ധൂർത്തും അധികച്ചെലവുമൊക്കെ ധാരാളം നമ്മുടെ രാജ്യത്ത് നടക്കുന്നുണ്ട്. ഇന്നത്തെ പേപ്പറിൽ കണ്ടു, മാനവീയം ആഘോഷിച്ചതിന് രവി ശങ്കറിനേയും കിഷോർ അമേക്കറിനേയും ഒക്കെ ഇവിടെ ക്ഷണിച്ചുവരുത്തിയ വകയിൽ ഏതാണ്ട് അറുപത്തിയാറ് ലക്ഷത്തിൽപ്പരം രൂപ നമ്മൾ ചെലവഴിച്ചു എന്ന്. ആർഭാടത്തിനുവേണ്ടി ചെലവഴിക്കാൻ നമുക്ക് പണമുണ്ട്. പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ഈ അദ്ധ്യാപികമാർക്ക് ഓണറേറിയം കൊടുക്കാൻ ഇവിടെ പണമില്ല. ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് അംഗൻവാടി അദ്ധ്യാപികമാർക്ക് കൊടുക്കുന്ന ശമ്പളമെങ്കിലും തൽക്കാലം ഇവർക്ക് കൊടുത്ത് അവരുടെ നിത്യദുരിതത്തിന് അറുതി വരുത്താൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ്. ഈ ഗവൺമെന്റ് അത് ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ഗവൺമെന്റ് മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, നമ്മുടെ സംസ്ഥാനത്ത് പി.ടി.എ. നടത്തുന്ന 250 പ്രീ-പ്രൈമറി സ്കൂളുകളുണ്ട്. അതുപോലെതന്നെ ഗവൺമെന്റ് നേരിട്ട് നടത്തുന്ന 55 പ്രീ-പ്രൈമറി സ്കൂളുകളുമുണ്ട്. ഇതിൽ ഒരദ്ധ്യാപിക, ഒരു ആയ, ഒരു ഹെൽപ്പർ എന്നിങ്ങനെ ജീവനക്കാരുണ്ട്. 1988-ലെ ഒരു ജി.ഒ. പ്രകാരമാണ് ഇത് നിലവിൽ വന്നത്. By the G.O Read as first paper above Government have permitted Parents-Teachers Association of Government Schools to hold Nursery classess, where excess accomodation is available at their own expense. Government have approved the guidelines for the conduct of Pre-Primary classes in Government Schools by Parent Teachers Assosiation as appended to this order.

ഇത് 1988 മുതൽ ഇപ്പോൾ വരെ നിലനിൽക്കുകയാണ്. ഈ പ്രശ്നം ഇതിനു മുൻപും ഈ സഭയിൽ വന്നിട്ടുണ്ട്. ഇപ്പോൾ നമ്മൾ എടുത്തിരിക്കുന്ന ഒരു തീരുമാനം പുതിയ നിയമനിർമ്മാണം അതായത് പ്രീ-പ്രൈമറി ബിൽ എന്ന പേരിൽ തന്നെ ചില മാറ്റങ്ങൾ വരുത്തണമെന്ന് ഒരു അഭിപ്രായമുള്ളതുകൊണ്ട് ഞാൻ ആ പേര് ഇവിടെ ആവർത്തിക്കുന്നില്ല. എങ്കിലും പ്രീ-പ്രൈമറി ബിൽ ഇന്ന് സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. നാളെ വീണ്ടും സെലക്ട് കമ്മിറ്റി വിളിച്ചിട്ടുണ്ട്. പല ജില്ലകളിലും തെളിവെടുപ്പു നടത്തി. ഇതുവരെ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ നാളെ സെലക്ട് കമ്മിറ്റി അപ്രൂവ് ചെയ്താൽ ഈ നിയമസഭയിൽ തന്നെ അത് പാസ്സാക്കണം. അടുത്ത ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയിൽ സമയം നിശ്ചയിച്ച് പാസ്സാക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഉച്ചക്കഞ്ഞിയുടെ കാര്യം ഇവിടെ സൂചിപ്പിച്ചു, ആ കുട്ടികൾക്ക് ഭക്ഷണം സൗജന്യമായി കൊടുക്കണമെന്ന് ഈ

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിൽ വ്യവസ്ഥയുണ്ട്. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ച് ഒരു നിയമം പാസ്സാക്കുമ്പോൾ ഇവിടെ 12-ാം ക്ലാസ്സുവരെ വിദ്യാഭ്യാസം സൗജന്യമായി നൽകുന്ന ഒരു ഘട്ടത്തിൽ ഫീസ് പിരിച്ച് നടത്തുന്ന സ്ഥിതിയുണ്ടാകുകയില്ല. അതുകൊണ്ട് ഇവിടെയുള്ള പ്രീ-പ്രൈമറി ടീച്ചേഴ്സിന്റെ സർവ്വീസ് തീർച്ചയായിട്ടും പ്രൊട്ടക്ട് ചെയ്യപ്പെടും. അവർക്ക് മാന്യമായ വേതനം നൽകാനുള്ള ഏർപ്പാടുണ്ടാകും. അതുകൊണ്ട് ഏറ്റവും വേഗം ഈ സഭയിൽത്തന്നെ ഈ ബിൽ പാസ്സാക്കുകയെന്നുള്ളതാണ് ആവശ്യം. 1988 മുതൽ പല ഗവൺമെന്റുകളും മാറിമാറി വന്നു, ഇതും തുടരുകയാണ്. ഈ മംഗത്ത് ഒരു പുതിയ നിയമനിർമ്മാണം നടത്താൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ഈ പ്രശ്നം പരിഹരിക്കപ്പെടും.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ആന്റണി രാജു)

ശ്രീമതി റോസമ്മ ചാക്കോ : ഏകീകൃത സ്വഭാവത്തിനു വേണ്ടിയാണല്ലോ നമ്മൾ ഇത് കൊണ്ടുവന്നിരിക്കുന്നത്. അധ്യാപകൻമാരുടെ പ്രൊട്ടക്ഷനെപ്പറ്റിയോ സാലറിയെപ്പറ്റിയോ ഒന്നും ഇതിൽ പറഞ്ഞിട്ടില്ല. ഇതിൽ അതുണ്ടാകുമോ എന്നറിഞ്ഞുകൂടാ. എങ്കിലും അത് ഒരു പക്ഷപാതപരമായ നടപടിയല്ലേ? ഗവൺമെന്റ് ഏറ്റെടുത്ത് നടത്തുന്ന ഇപ്രകാരമുള്ള സ്കൂളുകളുണ്ട്. ഗവൺമെന്റ് സ്കൂളിനോടനുബന്ധിച്ച് ഗവൺമെന്റ് നടത്തുന്ന ചില പ്രീ-പ്രൈമറി സ്കൂളുകളിലെ അധ്യാപികമാർക്കും ആയമാർക്കുമൊക്കെ ശമ്പളം കൊടുക്കുന്നുണ്ട്. അതേസമയം മറ്റുള്ളവർക്ക് കൊടുക്കുന്നില്ല. ഈ ഒരു വ്യത്യാസം അവസാനിപ്പിച്ച് താൽക്കാലികമായി അവർക്ക് ആശ്വാസം കൊടുക്കുന്ന എന്തെങ്കിലും പരിപാടി ഗവൺമെന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി.ജെ. ജോസഫ് : സർ, ഇപ്പോൾ സ്ക്കൂൾ അടയ്ക്കാറായി. അടുത്ത അദ്ധ്യയന വർഷം മുതൽ നടപ്പാക്കണമെന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതനുസരിച്ച് നമുക്ക് നാളെ സെലക്ട് കമ്മിറ്റി ചേർന്ന് ഈ ബിൽ പാസ്സാക്കുന്നതോടുകൂടി അടുത്ത അദ്ധ്യയന വർഷം മുതൽ നടപ്പാക്കാം. ഏതായാലും ഗവൺമെന്റ് ഇത് പോളിസിയായിട്ട് അംഗീകരിക്കുമ്പോൾ അവിടെയുള്ള ജീവനക്കാരുടെ വേതനത്തെ സംബന്ധിച്ചും വ്യക്തമായ ഒരു തീരുമാനമുണ്ടാകും.

(2) കേന്ദ്ര വ്യാവസായിക നയംമൂലം സംസ്ഥാനത്തെ കയർ വ്യവസായം നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, കേരളത്തിലെ 5 ലക്ഷത്തോളം വരുന്ന കയർ തൊഴിലാളികളും അവർ ഏർപ്പെട്ടിരിക്കുന്ന വ്യവസായവും നേരിടുന്ന പ്രതിസന്ധി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ് എന്റെ ഉദ്ദേശം. കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുവരുന്ന ഉദാരവൽക്കരണ നയത്തിന്റെ ഫലമായി കയർ വ്യവസായത്തെ തകർക്കുന്ന ചില നടപടികൾ അവർ സ്വീകരിക്കുകയാണ്. മിനിമം എക്സ്പോർട്ട് പ്രൈസ് 1966 മുതൽ കയർ വ്യവസായത്തിൽ പ്രാബല്യത്തിലുള്ളതാണ്. നിയന്ത്രണങ്ങളേ പാടില്ല എന്ന തത്വത്തിന്റെ പേരിൽ ആ മിനിമം എക്സ്പോർട്ട് പ്രൈസ് നീക്കം ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. അത് ടോട്ടലായി ഇപ്പോൾ നീക്കം ചെയ്തില്ല എങ്കിലും പടിപടിയായി വെട്ടിക്കുറയ്ക്കാനും അവസാനം എടുത്തുകളയാനുമാണ് ഉദ്ദേശിക്കുന്നത്. 1935-ലാണ് കേന്ദ്ര ഗവൺമെന്റ് മിനിമം എക്സ്പോർട്ട് പ്രൈസ് അവസാനമായി പുതുക്കിയത്. കാലാകാലങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly